കേരള സർക്കാർ

## സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹൈടെക് സ്കൂൾ പദ്ധതി - പൈലറ്റ് പ്രവർത്തനങ്ങൾ നടത്തുന്നതിന് ഐടി@ സ്കൂളിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ.) നം.3390 /16/പൊ.വി.വ തീയതി, തിരുവനന്തപുരം, 14 .10.2016

പരാമർശം:- ഐടി@ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.09.2016 ലെ ഐടിഎസ്/2016/1515 നം.കത്ത്.

## ഉത്തരവ്

കേരളത്തിലെ 8 മുതൽ 12 വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ക്ലാസുകൾ ഹൈടെക് ആക്കുമെന്ന് 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതിക്കുവേണ്ടി നാല് നിയോജക മണ്ഡലങ്ങളിൽ പൈലറ്റ് വിന്യാസം 2016 നവംബർ ആദ്യം ആരംഭിക്കേണ്ടതുണ്ടെന്നും ആയതിനാൽ ആലപ്പുഴ,പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ്, എന്നീ നിയോജക മണ്ഡലങ്ങളിൽ ഹൈടെക് സ്കൂൾ പദ്ധതിയുടെ പൈലറ്റ് പ്രവർത്തനങ്ങൾ നടത്തുന്നതിന് കേരള ഐ.റ്റി.@ സ്കൂൾ പ്രോജക്ടിനെ ചുമതലപ്പെടുത്തുന്നതിനും ഇതിനാവശ്യമായ ചെലവുകൾ ഐ.റ്റി.@ സ്കൂൾ പ്രോജക്ടിന്റെ നിലവിലുള്ള ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനുമുള്ള അനുമതിയും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഐ.ടി@ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (1) പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

സർക്കാർ ഇവ വിഷയം വിശദമായി പരിശോധിച്ചു. കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവത്ക്കരണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് നോർത്ത്, തൃശ്ശൂർ ജില്ലയിലെ പുതുക്കാട്, ആലപ്പുഴ ജില്ലയിലെ ആലപ്പുഴ എന്നീ മണ്ഡലങ്ങളിൽ 8 മുതൽ 12 വരെയുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ ക്ലാസുകൾ ഹൈടെക് ആക്കുന്നതിന് വേണ്ടിയുള്ള പൈലറ്റ് പദ്ധതി നടത്തുന്നതിന് ചുവടെ പറയുന്ന നിബന്ധനകൾക്ക വിധേയമായി ഐടി@ സ്കൂളിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

1. പദ്ധതിയുടെ ഭാഗമായി ഓരോ ക്ലാസിലും വൈറ്റ് ബോർഡ്, എൽ.സി.ഡി.പ്രൊജക്ടർ, കമ്പ്യൂട്ടർ, ഇന്റർനെറ്റ് കണക്ഷൻ, ശബ്ദ സംവിധാനം എന്നിവ ഒന്നാം ഘട്ടത്തിൽ ഏർപ്പെടുത്തേണ്ടതാണ്.
2. ആധുനികവത്ക്കരണത്തിന്റെ ഭാഗമായി ലഭിക്കുന്ന ഉപകരണങ്ങൾ സുരക്ഷിതമായി വയ്ക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സ്കൂളുകളിൽ തയ്യാറാക്കേണ്ടതിന് താഴെപ്പറയുന്ന സൗകര്യങ്ങൾ സ്കൂളുകളിൽ ഏർപ്പെടുത്തേണ്ടതാണ്.

   i) പൊടിശല്യം തീരെയില്ലാത്ത മുറി(ടൈലുപാകിയ തറ, മേൽക്കൂര ഓടുപാകിയ കെട്ടിടമാണെങ്കിൽ സുരക്ഷിതമായ സീലിംഗ്, പെയിന്റ്ചെയ്ത് വൃത്തിയാക്കിയ ചുവരുകൾ)
   ii) ഓരോ ക്ലാസ് മുറിയിലും ഈ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാനാവശ്യമായ വിധത്തിൽ സുരക്ഷിതത്വം ഉറപ്പുവരുത്തിയുള്ള വൈദ്യുതീകരണം
   iii) അനുബന്ധ ഉപകരണങ്ങൾ സൂക്ഷിക്കാനാവശ്യമായ ഷെൽഫ് , ലോക്കർ സംവിധാനങ്ങൾ.
3. അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഒരുക്കേണ്ടത് അതാത് സ്കൂളുകൾ തന്നെയായിരിക്കണം. സ്കൂൾ PTA/SMC, Management പൂർവ്വ വിദ്യാർത്ഥി സമൂഹം, സ്കൂളിനോട് താല്പര്യമുള്ള സ്ഥാപനങ്ങൾ, വ്യക്തികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായം പ്രയോജനപ്പെടുത്താവുന്നതാണ്.

4. ഓരോ മണ്ഡലത്തിലും കൂടിയാലോചിച്ച് തീരുമാനിക്കപ്പെടുന്ന ദിവസത്തിനു മുമ്പ് തന്നെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.
5. ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗങ്ങളിലെ അദ്ധ്യാപകർക്കും ഇതു സംബന്ധിച്ച് ഐടി@ സ്കൂൾ മുഖേന പരിശീലനം നൽകേണ്ടതാണ്. താഴെ വിവരിക്കുന്ന മൂന്നു തരത്തിലുള്ള പരിശീലന പരിപാടികളാണ് സംഘടിപ്പിക്കേണ്ടത്.

    i കമ്പ്യൂട്ടറിലുള്ള അടിസ്ഥാന പരിശീലനം
    ii ICT ഉപകരണങ്ങൾ പ്രവർത്തിപ്പിച്ച് ക്ലാസ്സെടുക്കുന്നതിനുള്ള പരിശീലനം
    iii ഓരോ വിഷയങ്ങളിലെയും ഐ.സി.റ്റി അധിഷ്ഠിത അദ്ധ്യാപനത്തിന് പര്യാപ്തമായ ഉള്ളടക്ക നിർമ്മാണവും അതുമായി ബന്ധപ്പെട്ടുള്ള സാങ്കേതിക വശങ്ങളുടെയും പരിശീലനം.

6. ഓരോ മണ്ഡലത്തിലെയും അതത് ജില്ലകളിലെ ഐ.റ്റി.@ സ്കൂൾ സംവിധാനവുമായി ചേർന്ന് പരിശീലനത്തിനാവശ്യമായ ഷെഡ്യൂൾ തയ്യാറാക്കേണ്ടതാണ്.
7. കുട്ടികളുടെ അധ്യയന ദിവസങ്ങൾക്ക് കുറവു വരാത്ത തരത്തിൽ അവധി ദിവസങ്ങൾകൂടി പ്രയോജനപ്പെടുത്തി പരിശീലന പരിപാടികൾ ചിട്ടപ്പെടുത്തേണ്ടതാണ്.
8. ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്നതിനോടൊപ്പം തന്നെ എൽ.ഇ.ഡി.ടെലിവിഷൻകൂടി ഉൾപ്പെടുന്ന സുസജ്ജമായ ഒരു കമ്പ്യൂട്ടർ ലാബും സ്കൂളുകളിൽ സജ്ജീകരിക്കേണ്ടതാണ്. അതിനോടൊപ്പംതന്നെ ഇപ്പോൾ സ്കൂളുകളിൽ സൂക്ഷിച്ചിരിക്കുന്ന കേടായ കമ്പ്യൂട്ടറുകളിൽ അറ്റകുറ്റപണിചെയ്താൽ പ്രവർത്തനക്ഷമമാകാവുന്നവ മുഴുവൻ നന്നാക്കാനും ജില്ലാതലത്തിൽ ഹാർഡ് വെയർക്ലിനിക്കുകൾ ഐറ്റി.@ സ്കൂളിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കേണ്ടതുമാണ്.

മേൽ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവുകൾ ഐ.റ്റി.@ സ്കൂളിന്റെ നിലവിലുള്ള ഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ. പി. എം. മുഹമ്മദ് ഹനീഷ്
സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി.അറ്റ് സ്കൂൾ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.